**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3441** **15-02-2024 - ൽ മറുപടിയ്ക്ക്**

**ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ സ്കൂൾ കുട്ടികളുടെ പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ടൈപ്പ് വൺ ഡയബറ്റിസ് (ജുവനൈൽ പ്രമേഹം) ബാധിതരായ സ്കൂൾ കുട്ടികളുടെ പരിരക്ഷ സംബന്ധിച്ച് അദ്ധ്യാപകർക്ക് ബോധവൽക്കരണം നൽകുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) | നിലവിൽ പത്താം ക്ലാസിലെ ബയോളജി പാഠപുസ്തകത്തിൽ ടൈപ്പ് വൺ ഡയബറ്റിസനെ കുറിച്ചുള്ള പാഠഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ പാഠ പുസ്തകത്തിലും ടൈപ്പ് വൺ ഡയബറ്റിസിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന പുതിയ പാഠ പുസ്തകങ്ങളിൽ പ്രസ്തുത വിഷയം മതിയായ പ്രാധാന്യത്തോടുകൂടി ഉൾപ്പെടുത്തുന്നതാണ്. അതുകൊണ്ടു തന്നെ അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി ടൈപ്പ് വൺ ഡയബറ്റിസിനെ സംബന്ധിച്ചുള്ള വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അക്കാദമിക വർഷത്തെ അവധിക്കാല അദ്ധ്യാപക പരിശിലനത്തിൽ സാമൂഹ്യ സുരക്ഷ മിഷൻ പുറത്തിറക്കിയ "മിഠായി" എന്ന പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ